# നീര ഷുഗർ പ്രോജക്ടിന്റെ പേരിൽ വൻ തട്ടിപ്പ്

കൊച്ചി : നീര ഷുഗറിനെ ചൊല്ലി വ്യാജ പ്രചരണങ്ങൾ പരക്കുന്നു. നീര ഷുഗർ പ്രോജക്ട് ആരംഭിക്കുന്നതിന് തെങ്ങു കൃഷി ചെയ്യുന്ന സ്ഥലം ഉൾപ്പെടെ പണമൊഴികെയുള്ള സ്ഥാവര ജംഗമവസ്തുക്കൾ നിക്ഷേപം നടത്തണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടാണ് പുതിയ ലോബികൾ രംഗത്തിറങ്ങിയിരിക്കുന്നത്. വാഗ്ദാനമായി ആറക്കത്തുക പ്രതിമാസ പ്രതിഫലവും. ഇതോടൊപ്പം നീര ഷുഗർ പദ്ധതി ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനം അൻപത് ലക്ഷം രൂപ വരെ സബ്സിഡി നൽകുമെന്ന് തലക്കെട്ടും:

നാളികേര വികസന ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ത്രിതല കൂട്ടായ്മയായ നാളികേര ഫെഡറേഷനുകൾക്ക് മാത്രമാണ് നീര ടാപ്പ് ചെയ്യാൻ സംസ്ഥാന ഗവൺമെന്റ് ലൈസൻസ് നൽകുന്നത്. ഇതു പ്രകാരം ഫെഡറേഷനുകളുടെ അപ്പെക്സ് ബോഡിയായ കമ്പനികൾക്കാണ് നീര പ്രോജക്ടിനായി പരമാവധി 50 ലക്ഷം രൂപ വരെ പദ്ധതിയുടെ അടിസ്ഥാനത്തിൽ നാളികേര വികസന ബോർഡ് അനുമതി നൽകുന്നത്.